HONOURABLE MR. C. KESAVAN : Does the member support the principle of the Bill ?

MR. D. GNANASIGAMONY : Yes, Sir.

HONOURABLE MR. C. KESAVAN : The following shall be the personnel of the Select Committee as regards this Bill and I recommend the names for the acceptance of the House.

Messrs. T. M. Varghese
Majid Marikkar
A. Ramasubramonia Karayalar
K. P. Nilakanta Pillai
K. S. Joseph
Gabriel Nadar
P. Kunjukrishnan
A. Easwara Pillai

MR. A. ATCHUTHAN : I support it.

HONOURABLE MR. C. KESAVAN : The quorum shall be 4.

The motion was put and carried.

MR. PRESIDENT : സെല്ക്ട് കമ്മിറ്റിയിലേക്കുള്ള മെമ്പറന്മാരുടെ ലിസ്റ്റ് സഭ അംഗീകരിച്ചതായി ഞാൻ വിശ്വസിക്കുന്നു. അതിന്റെ കോറം നാലായി നിശ്ചയിച്ചിരിക്കുന്നു.

ADJOURNMENT MOTION.

ഇന്നു നാല് മണിക്ക് ആലോചനയ്ക്ക് എടുക്കേണ്ട അടിയന്തിര പ്രമേയം ആണു ഇതു്. ഇതു അവതരിപ്പിക്കുന്നതിനായി മി. കെ. ആർ. ഇലങ്കത്തിനെ ഞാൻ ക്ഷണിക്കുന്നു.

MR. K. R. ELANKATH : Sir, "I move that the business of the House be adjourned to discuss a definite matter of urgent public importance viz. the plight of a large number of students who have failed in the last E. S. L. C. examintion and been refused re-admisssion to Schools'.

സർ, ഇന്നു തിരുവിതാംകൂറിലെ അനേകം വിദ്യാർത്ഥികളേയും അവരുടെ രക്ഷകർത്താക്കളേയും അലട്ടുന്ന ഒരു വ്യസനകരമായ പ്രശ്നമാണു ഇതു്. കഴിഞ്ഞ ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷയിൽ ഏതാണ്ടു രണ്ടായിരം പരം വിദ്യാർത്ഥികളും തോറ്റിട്ടുണ്ടെന്നും ഈ തോറ്റ വിദ്യാർത്ഥികൾക്കു അവരുടെ സ്കൂളുകളിൽ ചേർന്നു പഠിക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath.]

ന്നതിനുള്ള അനുവാദം നിഷേധിച്ചിരിക്കുന്ന എന്നുമുള്ള വസ്തുത ഇന്ന് ഈ രാജ്യത്തു വളരെ ഗൌരവതരമായ ഒരു പരിതസ്ഥിതി സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയാതെ നിവൃത്തിയില്ല. കഴിഞ്ഞകൊല്ലത്തിൽ ഇതുപോലെ കുട്ടികൾ തോറ്റിട്ടില്ലേ എന്നും ഈ സ്ഥിതി ഉണ്ടായിട്ടില്ലേ എന്നും ചോദിക്കുന്ന പക്ഷം ഇതുപോലെതന്നെ ധാരാളം വിദ്യാർത്ഥികൾ കഴിഞ്ഞകൊല്ലം തോറ്റിട്ടുണ്ടെങ്കിലും അവർക്ക് വീണ്ടും പഠിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കൊല്ലം പ്രവേശനം നിഷേധിക്കാൻ പ്രത്യേക കാരണങ്ങളുണ്ടു എന്ന് എനിക്കറിയാം. പുതിയ വിദ്യാഭ്യാസക്രമം അനുസരിച്ച് കഴിഞ്ഞതവണ ഇംഗ്ലീഷ് സ്റ്റാൻഡേർഡിംഗിന് പഠിച്ചിരുന്നവർക്ക് ഇനി വീണ്ടും ആ ക്ലാസ്സിൽ തന്നെ മറ്റു വിദ്യാർത്ഥികളോടൊപ്പമിരുന്ന് പഠിക്കുന്നതിന് പ്രായോഗികവിഷമതകളുണ്ട്. ഇക്കൊല്ലം വേറെ പാഠരീതിയാണുള്ളതെന്നും അതുകൊണ്ട് മറുള്ളവരുടെ ക്ലാസ്സിൽ പഠിക്കയെന്നുള്ളതു കേവലം അസാധ്യമാണെന്നും എനിക്കറിയാം. എന്നാൽ ഇതിന് പ്രതിവിധി ഇല്ലാതില്ല. ഇത്രയും എണ്ണം വിദ്യാർത്ഥികൾ അതായതു് ഏതാണ്ട് എണ്ണായിരത്തോളം വിദ്യാർത്ഥികൾ സാധാരണ അടുത്തുകഴിഞ്ഞ എല്ലാ ആണ്ടുകളിലും തോറ്റുകൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ പരീക്ഷാഫലം കഴിഞ്ഞ കൊല്ലത്തെയോ കൊല്ലങ്ങളേയോ അപേക്ഷിച്ച് വളരെ നിരാശാജനകമാണെന്നു തീർത്തു പറയാൻ എന്റെ മുമ്പിലുള്ള കണക്കുകൾ വച്ചുകൊണ്ടു സാദ്ധ്യമല്ലെന്നെനിക്കറിയാം.

കഴിഞ്ഞ അഞ്ചുകൊല്ലത്തെ കണക്കുകൾ പരിശോധിക്കുന്നപക്ഷം ഫസ്റ്റ് ക്ലാസ്സിലെ വിജയികളുടെ ശതമാനം ൪൫ ആയിരുന്നപ്പോൾ സെക്കന്റ്-ലെത് ൪൨-ം, തേർഡ് ക്ലാസ്സിലേത് ൩൦-ം, പാസ്സിലേത് ൧൮-ം ആണെന്നു കാണുന്നു. കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലത്തെ ശതമാനം കുറെ ഭേദപ്പെട്ടതാണെന്ന് അധികൃതർ വാദിച്ചേയ്ക്കാം. കഴിഞ്ഞകൊല്ലം അഞ്ചാം ഫാറത്തിൽ എല്ലാവർക്കും ക്ലാസ്സുകയറ്റം കൊടുത്തു. ആറാം ഫാറത്തിൽ സെലക്ഷൻ ഇല്ലായിരുന്നു. ആ സ്ഥിതിക്കു ഇക്കൊല്ലം താരതമ്യേന ഒരു നല്ല ശതമാനം പാസ്സായി എന്നതന്നെ പറയാം. എന്നാൽ മറുഭാഗം നാം ചിന്തിക്കണം. കഴിഞ്ഞകൊല്ലത്തിൽ വിദ്യാർത്ഥികൾക്കു പൂർണ്ണമായി പഠിക്കുന്നതിനുള്ള സൌകര്യങ്ങൾ സ്റ്റേറ്റുകോൺഗ്രസ്സ് നേതാക്കന്മാർതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കിയിരുന്നു എന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അതായതു് രാഷ്ട്രീയമായ ഒരു പരീക്ഷണഘട്ടങ്ങളിൽ വിദ്യാർത്ഥികൾ സ്ട്രൈക്കുകളും കലാപങ്ങളും ഉണ്ടാക്കീട്ടുണ്ടു്. അവരെ അതിനു് പ്രോത്സാഹിപ്പിച്ച കൂട്ടത്തിൽ ഞങ്ങളിൽ പലരും ഉൾപ്പെട്ടിരുന്നുമുണ്ടു്. അസാധാരണ പരിതഃസ്ഥിതികളിൽ മറ്റുള്ളവരെപ്പോലെതന്നെ തൊഴിൽ ഉപേക്ഷിച്ചു് അവർ രാജ്യസേവനം ചെയ്യണമെന്നു് ചെറിയ കുട്ടികളോടുപോലും ഞങ്ങൾ ആഹ്വാനം ചെയ്തിട്ടുണ്ടു്. ഈ പരിതഃസ്ഥിതി ആലോചിക്കുമ്പോൾ കഴിഞ്ഞകൊല്ലത്തെ ശതമാനം തീർച്ചയായും പ്രത്യേക പരിതഃസ്ഥിതികൊണ്ടു ക്ലേശിക്കേണ്ട ആവശ്യം തീച്ചയായും ഉണ്ടു്. പോരെങ്കിൽ അഞ്ചാം ഫാറത്തിൽ നിന്നും എല്ലാപേക്കും ക്ലാസ്സുകയറ്റം കൊടുക്കുകയും ആറാം ഫാറത്തിൽ സെലക്ഷൻ ക്രമേണ കഴിക്കുകയും ചെയ്തപ്പോൾ സ്കൂൾഫൈനൽ പരീക്ഷാഫലം വളരെ ഉദാരമായിരിക്കുമെന്നു് അവർ ന്യായമായി പ്രതീക്ഷിച്ചിരിക്കണം. വിദ്യാഭ്യാസം തീർച്ചയായും യോഗ്യതയുടെ മാനദണ്ഡമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ചില അസാധാരണ അവസരങ്ങളിൽ ന്യായമായ കാരണങ്ങൾകൊണ്ടു് അവരുടെ പഠിത്തത്തിനു് തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ അവയെപ്പറ്റി പ്രത്യേകമായി പരിചിന്തിച്ചു് പരിഹാരമുണ്ടാക്കേണ്ടതാണു്. ഐച്ഛികവിഷയങ്ങൾതന്നെയും മലയാളത്തിൽ പഠിച്ചിട്ടുള്ളവരാണു് പുതിയ ബാച്ചിൽപ്പെട്ടവർ. പാഠപുസ്തകങ്ങൾ തന്നെയും അവർക്കു് വേറെയാണു്. അതിനാൽ അവരെയെല്ലാം കൂടി ഒരു ക്ലാസ്സിൽ പഠിപ്പിക്കാൻ സാദ്ധ്യമല്ല. ഇതൊക്കെയാണു് അതേ ക്ലാസ്സിൽതന്നെ തോറ്റ കുട്ടികളെക്കൂടി പഠിപ്പിക്കാനുള്ള വിഷമതകൾ. കഴിഞ്ഞകൊല്ലം തോറ്റ വിദ്യാർത്ഥികളുടെ എണ്ണം അധികം കുറവില്ലാതിരിക്കയും അവരെ വീണ്ടും ക്ലാസ്സുകളിൽ ചേരുവാൻ അനുവദിക്കുകയും ചെയ്ത സ്ഥിതിക്കും അദ്ധ്യാപകന്മാരുടെ എണ്ണം കുറയ്ക്കാത്ത സ്ഥിതിക്കും ഇക്കൊല്ലം അവരെ പ്രത്യേക ക്ലാസ്സിൽ ചേർത്തു പഠിപ്പിക്കേണ്ടതിനു കൂടുതൽ അദ്ധ്യാപകന്മാരുടെ ആവശ്യം ഉണ്ടാവുന്നില്ലെന്നു വ്യക്തമാണു്. അല്ലാത്തപക്ഷം ഇന്നുള്ള അദ്ധ്യാപകന്മാരുടെ ആവശ്യം ഇല്ലതന്നെ. വിദ്യാർത്ഥികൾക്കു് പ്രത്യേകം ക്ലാസ്സ് നടത്തുന്ന പക്ഷം ഈ അദ്ധ്യാപകന്മാർക്കു് കൂടുതൽ ലഷർ കിട്ടുന്നുവെന്നുള്ളതിൽ സംശയമില്ല. ക്ലാസുകൾ നടത്തുന്നതുകൊണ്ടു് ധനസംബന്ധമായി കൂടുതൽ ചിലവില്ലെന്നുള്ളതു് മേൽപ്പറഞ്ഞ കാരണത്താൽ വ്യക്തമാണു്. എണ്ണായിരത്തോളം കുട്ടികൾ വെളിയിൽ പോകയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath.]

അവരെ തിരിച്ചു ക്ലാസുകളിൽ പ്രവേശിപ്പിക്കാതിരിക്കയും അതേ സമയം എല്ലാ അദ്ധ്യാപകന്മാരെയുംവച്ചു കൊണ്ടിരിക്കയും ചെയ്യുമ്പോൾഅവർക്കു ജോലി കുറയുന്നുവെന്നുള്ളതു സ്പഷ്ടമാണെല്ലോ. അല്ലെങ്കിൽ അവർ അവസരായി കഴിയുന്നുവെന്നാണ്, അനുമാനിക്കേണ്ടതു്. അതിനാൽ തോറ്റ വിദ്യാർത്ഥികളെ പ്രത്യേക ഡിവിഷനായി തിരിച്ചു് അവർക്കു പ്രത്യേകം ക്ലാസുകൾ നടത്തണം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് നോക്കുമ്പോൾ ഇവിടുത്തെ വിജയികളുടെ ശതമാനം വളരെ കുറവാണു്. മദ്രാസിൽ നൂറ ശതമാനവും മൈസൂരിൽ തൊണ്ണൂറു ശതമാനവും ആണു കഴിഞ്ഞ കൊല്ലം ഈ. എസ്സ്. എൽ. സി. പരീക്ഷയിൽ ജയിച്ചിട്ടുള്ളതെന്നാണു് എന്റെ അറിവു്. മൈസൂരിൽ കഴിഞ്ഞ കൊല്ലത്തെ രാഷ്ട്രീയ സ്ഥിതിയെ അവര പരിഗണിച്ചിരുന്നു എന്നു് പത്ര ലേഖനങ്ങളിൽനിന്നും മറും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇന്നത്തെ ഈ പരിതസ്ഥിതിയിൽ ഇവിടെ പല രക്ഷകർത്താക്കന്മാരും ഒരു പോംവഴി കാണാതെ വിഷമിക്കുന്നുണ്ടു്, മെമ്പറന്മാരെയും മന്ത്രിമാരെയും കാണുന്നുണ്ടു്, ഏതെങ്കിലും വിധത്തിൽ ഈ സങ്കടത്തിനു് ഒരു പരിഹാരം ഉണ്ടാകുമോയെന്ന രാജ്യവാസികളും ഉൽകണ്ഠയോടുകൂടി കാത്തിരിക്കുകയാണു്. സ്ക്രീനിംഫൈനൽ പരീക്ഷയ്ക്കു ചേരുന്നവർ സാധാരണയായി ഫസ്റ്റ്-നും സെക്കന്റ്-നും ഇടയ്ക്കുള്ള കുട്ടികളാണു്. ഒരു സെപ്ലിമെന്ററി പരീക്ഷ നടത്താൻ അധികൃതർ തീരുമാനിച്ചിട്ടുണ്ടെന്നറിയുന്നതു് ചാരിതാർത്ഥ്യജനകം തന്നെയാണു്. തോറ്റവർ വീട്ടിൽ ഇരുന്നു പഠിച്ചു് സെപ്റ്റംബർ പരീക്ഷയിൽ ചേരുക എന്നതുകൊണ്ടു മാത്രം അവരുടെ സങ്കടത്തിനു് ഒരു പരിഹാരം ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. അവർ സ്വന്തമായി വീട്ടിൽ ഇരുന്നു പഠിച്ചു പരീക്ഷക്കു എഴുതുക എന്നു പറഞ്ഞാൽ ഈ ചെറു കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ കളിച്ചു നടന്നു് അവസരായി സമയം കളയാനാണു് കൂടുതൽ ഉപകരിക്കുന്നതു്. അതുകൊണ്ടു് ഇതിനു് പരിഹാരമായി ക്ലേശത്തിൽ പരീക്ഷക്കു പുറമേ മൂന്നു നിർദ്ദേശങ്ങൾ കൂടി എനിക്കു സഭയുടെ മുമ്പിൽ സമർപ്പിക്കാനുണ്ടു്. ഒന്നു്, ഒരു സപ്ലിമെന്ററി ലിസ്റ്റ് ഉണ്ടാക്കി ഇരുപത്തിയഞ്ചു ശതമാനം കൂടി പാസ്സാക്കുക.

രണ്ടു്, പ്രത്യേകം ക്ലാസുകൾ നടത്താനുള്ള ഏർപ്പാടു ചെയ്യുക. അദ്ധ്യാപകന്മാർ എല്ലാ സ്കൂളുകളിലും ഉണ്ടു്. പ്രത്യേകം ചെലവും അതിനില്ല.

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന്, സ്പെഷ്യൽ ഡിവിഷൻ നടത്താൻ സൌകര്യം ഇല്ലെങ്കിൽ അതിന് സാധിക്കാത്ത സ്ഥലങ്ങളിൽ സ്കൂൾ സമയം ഒഴിച്ചുള്ള അവസരത്തിൽ എങ്കിലും കുട്ടികൾക്കു അഭ്യസനം നൽകാൻ വ്യവസ്ഥ ചെയ്യുക. ഈ വ്യവസ്ഥകൾ ചെയ്തില്ലെങ്കിൽ അത് തോറ്റ കുട്ടികളോട് ചെയ്യുന്ന ഒരു ഭീമമായ അനീതിയായിരിക്കും. ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ ഈ വമ്പിച്ച തോൽവി, ക്ലാസുകളിൽ പ്രവേശന നിഷേധം എന്നിവയെല്ലാം ഈ മന്ത്രിസഭയുടെ പ്രവർത്തനം മൂലം ഉണ്ടായതല്ലെങ്കിലും ഒരു സംഭവം ഏതു രോഗമേധാവിയുടെ കാലത്താണോ പ്രത്യക്ഷത്തിൽവരുന്നു അതിന്റെ പഴി ഏൽക്കേണ്ടതു് അന്നത്തെ രോഗക്കുടമാണ്. നിങ്ങളുടെ മന്ത്രിസഭ വന്നിട്ട് എന്തു ചെയ്തു, അരിവില കൂട്ടി, ഞങ്ങളുടെ കുട്ടികൾ വഴിയാധാരമായി നടക്കുന്നു എന്നെല്ലാം അങ്ങു കാണുകയും ഞങ്ങളോട് പറയുന്നു. ഞാൻ അവരോടു ചോദിച്ചു ഞങ്ങളുടെ മന്ത്രിസഭയാണോ ഇതിനു കാരണക്കാർ എന്ന്, ഇന്നത്തെ മന്ത്രിസഭ ഞങ്ങളുടേയും നിങ്ങളുടേതുമാണ്. ജനങ്ങളുടെ മന്ത്രിസഭയാണിന്നുള്ളതു്, നിങ്ങൾക്ക് വേണ്ടിത്തന്നെയാണു മന്ത്രിസഭ രോഗഭാരം കൈയ്യേറ്റതു് എന്നു ഞാൻ സമാധാനം പറഞ്ഞു. മന്ത്രിസഭക്കു തീർച്ചയായും ഇതിനു പരിഹാരം ചെയ്യേണ്ട കടമയുണ്ട്. ഈ മന്ത്രിസഭയുടെ സൽപ്പേരിനേയും ജനങ്ങളുടെ സങ്കടത്തേയും ഓർത്തു വേണ്ട നടപടികൾ ഉടൻ നടത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ അടിയന്തിര പ്രമേയം സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു.

MR. A. CHIDAMBARANATHA NADAR: தலைவர் அவர்களே! திருவாளர் K. R. இலங்கத்து கொண்டு வந்த அவசரப் பிரேரணையை நான் ஆதரிக்கின்றேன். இங்கே—திருவிதாங்கூர் சமஸ்தானத்தில்-இன்று 8000 — க்குக் கூடுதலான மாணவர்கள் கழிந்த S. S. L. C. பரீக்ஷையில் தோல்வி அடைந்து, தாங்கள் என்ன செய்வது என்று ஒரு நிலையுமில்லாமலும், "திக்கற்றவர்களுக்குத் தெய்வமே துணை" என்று திண்டாடிக் கொண்டிருக்கிறார்கள். இந்த நிலையில் நம் மாணவர்களுக்கு இந்த சமயத்தில் என்ன செய்வதென்று யோசிப்பது நமது சர்க்காரின் முதல் கடமையாகும். அன்னவர் கொண்டுவந்த இதர அவசரப் பிரேரணையைப் பின்பற்றுவதற்கு எனக்கு ஒரு சில காரணங்களுண்டு. அவைகள் முக்கியமானவை, நமது திருவிதாங்கூர் கல்வி இலாகாவை எடுத்துப் பார்த்தால் ஒவ்வொரு நிமிஷமும், ஒவ்வொரு வருஷமென்று சொல்வேன். பாடப்புத்தகங்களை அடிக்கடி மாற்றிக் கொண்டே வருகிறார்கள். இந்த நிலையிலே நமது மாணவர்கள், அவர்களுக்கு சரியான முறையில் கல்வி போதிக்கப்படாமையால் நாளுக்கு நாள் பின்னோக்கத்தில் தான் போய் கொண்டு இருப்பதை நாம் காண்கின்றோம். அது மாத்திரமல்ல,

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Chidambarantha Nadar.]

"Optional system" என்றொரு system முறை அதாவது மாணவர்கள், நினைக்கிறதுபோல் தங்கள் பாடத்தை தேர்ந்து எடுத்துக்கொள்ளலாமென்று சர்க்கார் சட்டம் போடுகிறது. இன்றைக்கு ஒரு ஆர்டர். நாளைக்கு ஒரு ஆர்டர். நம் மாணவர்களை கைகொடுத்துத் தூக்கிவிட வேண்டியது நம் கடமை. புற நானூறு என்ற பட்டில் சொல்கிறார். காங்கைப் பாடின் யார் நச்செள்ளையார் என்ற பெரியார்

"ஈன்று புறந்தருதல் என்தலைக் கடனே;
சான்றோனாக்குதல் தந்தைக்குக் கடனே;
வேல்வடித்துக் கொடுத்தல் கொல்லற்குக் கடனே;
நன்னடை நல்கல் வேந்தர்க்குக் கடனே;
ஒளிறுவாள் அருஞ்சமம் முருக்கி
களிறு எறிந்து பெயர்தல் காளைக்குக் கடனே".

ஈன்று புறந்தருதல் தாயின் முதல் கடன். இரண்டாவதாக அவனைச் சான்றோனாக்குதல் யான் உங்களைப் போன்ற தந்தையின் கடன். அது மாத்திரம் அல்ல. இந்த இடத்திலே நமக்கு ஏகாதிபத்தியம் விட்டு, உத்தரவாத பரணம் என்று நீங்கள் சொல்வது போல், தமிழில் குடியாட்சியாராகிய நம் கடமை. அதலால் இந்த பிரதிநிதி சபையில் உங்களிடத்தில் தாழ்மையாகச் சமர்ப்பிப்பதென்னவென்றால் நம் எண்ணூயிரம் மாணவர்களையும் காப்பாற்ற வேண்டுமென்றால், அவர்களுக்கு ஒரு பரீக்ஷை வைத்து தேற விடுவதுதான். அல்லது கனம் இலங்கத் சொல்வது போல் ஒரு Supplementary list அமைத்து, அவர்களை கைதூக்கி விட வேண்டியது உங்கள் கடமை என்று சொல்லிக் கொண்டு நான் என் சிறு உரையை முடித்துக் கொள்கிறேன்.

MR. C. NARAYANA PILLAI (*Mavelikara I—General*): ഈ പ്രമേയത്തെപ്പറ്റി ഗവണ്മെൻറിൻറെ നില എന്തെന്ന് വിദ്യാഭ്യാസ മന്ത്രി വ്യക്തമാക്കിയാൽ അതു് വാദപ്രതിവാദത്തിന് സഹായകരമായിരിക്കും.

HON'BLE MR. T. M. VARGHESE: ഈ അടിയന്തിരപ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന സംഗതികളെ സംബന്ധിച്ച് ഒരു പൊതു വിശദീകരണം സഭയ്ക്കു നൽകുന്നതു് നന്നായിരിക്കുമെന്നു് തോന്നുന്നതു കൊണ്ടു ഞാൻ അതു ചെയ്യട്ടെ.

ഈ പ്രാധാന്യമേറിയ ഈ വിഷയത്തെപ്പറ്റി ഈ സഭയിൽ നിന്നും നൽകുന്ന ഉപദേശങ്ങൾ ഗവണ്മെൻറിനും പൊതുജനങ്ങൾക്കും ഉപകാരപ്രദമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ഇതു് അവതരിപ്പിച്ച ബഹുമാനപ്പെട്ട സഭ്യൻ പ്രസ്താവിച്ചതുപോലെ ഈ ആണ്ടിൽ കഴിഞ്ഞ ആണ്ടിനെ അപേക്ഷിച്ചു സ്കൂൾഫൈനൽ പരീക്ഷയുടെ ഫലം വളരെ തൃപ്തികരമായിരുന്നു. അതെ പരീക്ഷയ്ക്കു ചേർന്നവരുടെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണം അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. അതു ശരിയാണു്. അതുകൊണ്ടാണു് ഫൈനൽ പരീക്ഷയ്ക്കു് ഇരുന്നതു്. പാസായതു് രണ്ടുപേരാണു്. അതായതു് ഏകദേശം 8 ഫ ശതമാനം പാസ്സായിട്ടുണ്ടു്. കഴിഞ്ഞ കൊല്ലത്തിൽ ഇതിൽ കുറവായിരുന്നു. അതിനു മുൻപിലത്തെ കൊല്ലത്തിൽ അല്പം കൂടുതൽ കൊടുത്തിരുന്നു. ഇനി ഒരു സപ്ലിമെൻററി ലിസ്റ്റ് ഉണ്ടാക്കുകയെന്നുള്ളതു് വലിയ പ്രയാസമാണു്. അതു വേണമെന്നു പറഞ്ഞു് വിദ്യാർത്ഥികളും ഗവണ്മെൻറിനേയും സമീപിച്ചിട്ടുണ്ടായിരുന്നു. അവർ പറയുന്നതു നാലുമാക്കുമാത്രമേ ഒരു വിഷയത്തിനു കുറവുള്ളൂ എന്നും മറ്റുമാണു്. എന്നാൽ അതേപ്പറ്റി അന്വേഷണം നടത്താതിരുന്നില്ല. ഒന്നരമാക്കിനുവേണ്ടി ഒരു കുട്ടി ഇനി ഒരു കൊല്ലം കൂടി പഠിക്കുകയെന്നുള്ളതു് കഷ്ടമാണെന്നു പറയാം. ഒന്നു പാസ്സാക്കി ഒരു സർട്ടിഫിക്കറും കൊടുത്തു തരണം എന്നു പല കുട്ടികളും പറയുന്നുണ്ടു്. ഗവണ്മെൻറിനു ഇതിൽ വളരെ സങ്കടമുണ്ടു്. ഫ മാക്കുള്ള കുട്ടിക്കു 8 മാക്കു് കൂട്ടിക്കൊടുത്തിട്ടുള്ളതാണു്. ആ കുട്ടിക്കു് ഫ മാക്കു് കിട്ടിയതു തന്നെ ഗ്രേസ് മാർക്കു കൊടുത്ത ശേഷമാണു്. ഇതുപോലും കുട്ടികൾ തോൽക്കേണ്ടതായി വന്നതു് ഫിഫ്ത്തിൽ ഫാറത്തിൽ തോൽപ്പിക്കാതെ എല്ലാവരേയും പ്രമോട്ടു ചെയ്തതുകൊണ്ടാണു്. ഇങ്ങനെ ഇൻഡ്യൻ യൂണിയനിലെ ഭൂരിഭാഗത്തു് എവിടെയെങ്കിലുമോ ഒരു ഏർപ്പാടു ഉണ്ടായിട്ടില്ല ഒരു കുട്ടിയേയും ഡീബറയിൻ ചെയ്യാതെ.

MR. K. N. SANKUNNI PILLAI: മൈസൂരിൽ ൻ.o ശതമാനം ജയിപ്പിച്ചിട്ടുണ്ടെന്നറിയാമോ ?

HON'BLE MR. T. M. VARGHESE: മൈസൂരിൽ എല്ലാവരേയും കയറാം ചെയ്തിട്ടില്ല എന്നാണു് എന്റെ അറിവു്. നിവൃത്തിയുള്ളതെല്ലാം ഗവണ്മെൻറു ചെയ്യുന്നതാണു്. ഒരു സപ്ലിമെൻററി ലിസ്റ്റു് തയ്യാറാക്കാൻ യൂണിവേഴ്സിറ്റിയോടു് ആവശ്യപ്പെടണമെന്നു് ഗവണ്മെൻറിനെ നിങ്ങൾ പ്രേരിപ്പിക്കുമെന്നു് എനിക്കു് തോന്നുന്നില്ല. എന്നാൽ അതിനു പരിഹാരമായി ചെയ്യാൻ തീരുമാനിക്കുന്നതായ വേറെ ഒന്നുരണ്ടു കാര്യങ്ങൾ ഉണ്ടു്. ഈ അടിയന്തിരപ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ വേറൊരു പരീക്ഷകൂടി വയ്ക്കുക എന്നുള്ളതാണെ. ഇങ്ങനെ ഒരു പരീക്ഷ നടത്തിയിട്ടുള്ളതായി ചരിത്രത്തിൽ ഇല്ല.

MR. CHIDAMBARANATHA NADAR: ഫൈനലിൽ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : എനിക്കത് അറിവില്ല. അതു ശരിയാണോ എന്നു ഞാൻ അന്വേഷിക്കാം. ഉണ്ടായിട്ടില്ലെന്നാണ് അറിവ്.

MR. CHIDAMBARANATHA NADAR : ഞാൻ പരീക്ഷയ്ക്കു എഴുതിയവനാണ്.

HON'BLE. MR. T. M. VARGHESE : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ഞാൻ അവിശ്വസിക്കുന്നില്ല. നാളെ മുതൽ വിശ്വസിക്കാം എന്നു മാത്രം.

ഈ ആണ്ടിൽ ഒരു പ്രത്യേക പരിഗണനയിൽ ഈ അടുത്ത സെപ്റ്റംബറിൽ നടത്താൻ സാധ്യമല്ല. ഒക്ടോബറിൽ എങ്കിലും ഒരു പരീക്ഷയ്ക്കു വേണ്ട ഏർപ്പാടുകൾ സഭയുടെ അഭിപ്രായം അറിഞ്ഞതിനു ശേഷം ചെയ്യാം. ഇതു കൂടാതെ ഇതേപ്പറ്റി അടിയന്തരപ്രമേയം വരികയും സഭാംഗങ്ങളുടേയും പൊതുജനങ്ങളുടേയും ഇടയിലുള്ള അഭിപ്രായം ആദരിച്ച് ഇക്കാര്യത്തിൽ ദാക്ഷിണ്യമായി പെരുമാറണമെന്നു തോന്നുന്നതുകൊണ്ട് ഈ പരീക്ഷ തന്നെയല്ലാതെ കുറെ പരീക്ഷകൾ ഈ കുട്ടികൾ എല്ലാവരും കൂടി പാസ്സാകത്തക്കവണ്ണമുള്ള രീതിയിൽ നടത്താൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ട്. അതായതു മനഃപൂർവം പാസ്സാകരുതെന്നു ഉദ്ദേശിക്കുന്നവർ ഒഴിച്ചു ബാക്കി എല്ലാ ചേർക്കും പാസ്സാകത്തക്കവണ്ണം പരീക്ഷ നടത്താൻ വേണ്ട വ്യവസ്ഥ ചെയ്യണമെന്നു വിചാരമുണ്ട്. ഈ കുട്ടികളെ ഇനി അടുത്ത വർഷം റഗുലറായി ക്ലാസുകളിൽ ഇരുത്തി പഠിപ്പിക്കാൻ സാധിക്കുമോ എന്നു സംശയമാണ്. സ്പെഷ്യൽ ക്ലാസുകളിൽ പഠിപ്പിക്കുന്നതിനു പ്രൈവറ്റു സ്കൂളുകാർക്കു സൌകര്യം ഉണ്ടാകത്തക്കവണ്ണം അതിനു അനുവാദം ഗവണ്മെന്റു കൊടുക്കുന്നതായിരിക്കും.

MR. K. A. MATHEW : എവിടെ എങ്കിലും സ്പെഷ്യൽ ക്ലാസ്സു തുടങ്ങണമെന്നു ആവശ്യപ്പെട്ടപ്പോൾ അനുവാദം നിരസിച്ചതായി മെമ്പർക്കറിയാമോ ?

HON'BLE. MR. T. M. VARGHESE : നിരസിക്കുന്നതല്ല. വളരെ പുണ്യകർമ്മമായി ചെയ്യാൻ പോകുമ്പോൾ അതേപ്പറ്റി എതിരുണ്ടാകയില്ല.

MR. K. A. MATHEW : നിരസിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : രാജ്യത്തിന്റേയും കുട്ടികളുടേയും ആവശ്യമാണ് അതെങ്കിൽ അനുവാദം നിരസിക്കുന്നതല്ല.

MR. JOSEPH MALIECKAL : ട്യൂട്ടോറിയൽ കാളേജ് നടത്താൻ ഗവണ്മെൻറിന്റെ അനുവാദം ആവശ്യമുണ്ടോ ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. CHERIYAN J. KAPPEN : ട്യൂട്ടോറിയൽ കാളേജ് നടത്താൻ പ്രോത്സാഹനം നൽകുമോ .

HON'BLE MR. T. M. VARGHESE : പ്രോത്സാഹനം അർഹിക്കുന്നെങ്കിൽ നൽകുന്നതായിരിക്കും.

MR. K. A. GANGADHARA MENON : ഗവണ്മെൻറ് സ്കൂളുകളിൽ സ്പെഷ്യൽ ക്ലാസു നടത്തുന്നതിന് ഗവണ്മെൻറ് പ്രേരണാശക്തി ചെലുത്തുമോ ?

HON'BLE MR. T. M. VARGHESE : പ്രേരണാശക്തിയുടെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അനുവാദം കൊടുത്തിരിക്കുന്നതു തന്നെ വലിയ ഒരു പ്രേരണാശക്തിയാണ്. ക്ലൂടരുലായി ചെയ്യണമെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാർ അറിയിച്ചാൽ അതേപ്പറ്റി ഗൗരവമായി ആലോചിക്കയും നടപ്പിൽ വരുത്താൻ ശ്രമിക്കയും ചെയ്യുന്നതാണ്. ക്ലൂടാതെ ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞതു പോലെ കുട്ടികളെ ഒരു പ്രത്യേക ഡിവിഷനിലാക്കി അവരെ ഒന്നു ബ്രഷ് അപ്പ് ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്യുന്നതാണ്. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടതിൽ ക്ലൂടുതൽ കാര്യങ്ങളും ഗവണ്മെൻറ് ചെയ്യാൻ തയാറായിരിക്കെ സപ്ലിമെൻററി ലിസ്റ്റ് ഉണ്ടാക്കണമെന്നു പറഞ്ഞതു ശരിയല്ല.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : സപ്ലിമെൻററിലിസ്റ്റുണ്ടാക്കുന്നതിൽ എന്താണ് ഗവണ്മെൻറിനു വൈഷമ്യം?

HON'BLE MR. T. M. VARGHESE : ലിസ്റ്റുണ്ടാക്കാൻ വൈഷമ്യം ഉണ്ടെന്നു തോന്നുന്നില്ല. പക്ഷെ അതു യോഗ്യതയാണോ എന്നു ചിന്തിക്കണം.

MR. M. O. CHERIYAN : ബോട്ടണി പേപ്പർ ഒരു ഇൻറർമീഡിയറ്റ് കാരൻ വാല്യു ചെയ്തതായി എനിക്കറിവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ഞാൻ അതിന് എന്തു വേണം.

MR. M. O. CHERIYAN : വാല്യുവേഷൻ ചെയർ അല്ലായിരുന്നുവെന്നാണ് എനിക്കു പറയാനുള്ളത്.

HON'BLE MR. T. M. VARGHESE : അപ്പോൾ വിവരം ഇല്ലാത്തവർ നോക്കിയാൽ കൂടുതൽ മാർക്കു കൊടുക്കുകയേയുള്ളൂ. അതു ചെയ്തയാളെ ശിക്ഷിക്കേണ്ടതാണെന്ന് എനിക്ക് ബോദ്ധ്യം ഉണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പറുടെ അറിവു ശരിയാണോ എന്നറിഞ്ഞുകൂടാ. അദ്ദേഹത്തിനു കിട്ടിയ അറിവ് ശരിയാണെങ്കിൽ കാരണക്കാരായ അധികൃത്തന്മാരോടു ചോദിക്കയും കുറക്കാരാണെന്ന് കണ്ടാൽ നിർദ്ദയമായി പെരുമാറുകയും ചെയ്യും.

പരീക്ഷകൾ വയ്ക്കുന്നതിന് ഗവണ്മെൻറ് ശ്രമിക്കുന്നതായിരിക്കുമെന്ന് ഉറപ്പു നൽകുന്നു.

MR. P. T. CHACKO : അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിനു ബോദ്ധ്യം, രൊക്കം ഏൽപ്പിച്ച പേപ്പറുകൾ ഒരു ഇൻറർമീഡിയറുകാരനെ ഏൽപ്പിച്ചുവെന്നാണ്.

HON'BLE MR. T. M. VARGHESE : അദ്ദേഹത്തിന് ബോദ്ധ്യം വന്നിരിക്കുന്നു എന്നുള്ള വിവരം എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. ഗവണ്മെൻറ് അതേക്കുറിച്ചു അന്വേഷിക്കുന്നതാണ്.

MR. VASUDEVAN ASARI : സ്പെഷ്യൽ ക്ലാസ്സ് നടത്താൻ അൻപാദ കൊടുക്കാമെന്നു പറഞ്ഞല്ലോ. അതിൻറെ സ്വഭാവം എന്തായിരിക്കും.

HON'BLE MR. T. M. VARGHESE : സ്പെഷ്യൽ ക്ലാസ്സ് തന്നെയായിരിക്കുമെന്നുള്ളതാണ്. അതിൻറെ സ്വഭാവം. പഴയപാഠരീതിതന്നെയായിരിക്കും. അവിടെ പഠിപ്പിക്കുന്നതു്. ഇപ്പോൾ ക്ലാസുകളിൽപഠിപ്പിക്കുന്ന രീതിയല്ല. അതുകൊണ്ടു് അതു് വൈഷമ്യമായിട്ടുമാത്രമേ വരുൻ നിവൃത്തിയുള്ളൂ. അതൊരു പ്രത്യേക ക്ലാസായിരിക്കും. അതുകൊണ്ടാണു സ്പെഷ്യൽ ക്ലാസ്സെന്നു പറഞ്ഞതു്.

MR. VASUDEVAN ASARI (*Kottayam III—Kammala Reserved*) : സംശയം അതല്ല. അതേ സ്കൂളുകളിൽ തന്നെയാണോ സ്പെഷ്യൽക്ലാസ് അനുവദിക്കുന്നതു്. ഒരു സ്പെഷ്യൽക്ലാസ്സ് കൂടി നടത്തുന്നതിനു ശരിയായ സ്ഥലസൌകര്യങ്ങളും മറ്റും സ്കൂളുകളിൽ ഇല്ല. രണ്ടാമതായി അദ്ധ്യാപകരുടെ ലഭ്യതയും ധാരാളമുണ്ടു്. മൂന്നാമതായി സയൻസു വിഷയങ്ങൾ പഠിപ്പിക്കുന്നതിനു് ആവശ്യമുള്ള സാധനങ്ങളുടെയും കുറവു ധാരാളമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ചോദ്യം ചോദിക്കാമെന്നല്ലാതെ പ്രസംഗം അനുവദിക്കുന്നതല്ല. മെമ്പറിന് ഇതിനെക്കുറിച്ച വാദപ്രതിവാദം നട ക്കുമ്പോൾ പ്രസംഗിക്കാവുന്നതാണ്.

HON'BLE MR. T. M. VARGHESE : ഒരു സംഗതി സഭയുടെ അറിവി നായി പ്രസ്താവിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഗവണ്മെൻറിനു കിട്ടി യിട്ടുള്ള അറിവിൽനിന്ന് ഗവണ്മെൻറിൻെറ മനോഭാവത്തെപ്പറ്റി നിങ്ങളെ മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കുട്ടികൾക്ക് എന്തെല്ലാം മാക്ഷിണ്യം ചെയ്യണമോ അതെല്ലാം ചെയ്വാൻ ഗവ ണ്മെൻറു തയ്യാറാണെന്നുള്ളതിനു സംശയത്തിനിടയില്ല. പ്രത്യേകമായ സാങ്കേതികതടസ്സങ്ങൾ ഒന്നും വകവയ്ക്കാതെ അവരോടു എത്രയും മാക്ഷി ണ്യമായി പെരുമാറുന്നതാണ്. കുട്ടികൾ എല്ലാം പാസ്സാകത്തക്കവണ്ണം ഈ ആണ്ടിൽ അല്ലെങ്കിൽ അടുത്ത ആറു മാസങ്ങൾക്കിടയിൽ പരീ ക്ഷകൾ വച്ച് ഒരുന്നാ ഒന്നരയോ കൊല്ലംകൊണ്ട് ഈ കുട്ടികളെല്ലാം പാസ്സാകുന്നതിനു വേണ്ടതു ചെയ്യാൽ കൊള്ളാമെന്ന അഭ്യർത്ഥമുണ്ട്. അതനുസരിച്ച എന്തെല്ലാം ചെയ്വാൻ സാധിക്കുമെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഉദ്ദേശപ്രാപ്തിക്കായി ഈ കുട്ടികൾക്ക് എന്തു് അനുകൂല്യങ്ങളും നൽകുന്നതാണ്. ഈ സ്ഥിതിക്ക് ഈ അടിയന്തിര പ്രമേയത്തെപ്പറ്റി വാദപ്രതിവാദം നടത്തുകയും വോട്ടിനിടുകയും ചെയ്യു ണമോ എന്ന് ബഹുമാനപ്പെട്ട മെമ്പർ ആലോചിച്ചിട്ടു അതു പിൻ വലിക്കാമെങ്കിൽ അങ്ങനേയും ചെയ്യണമെന്ന് അപേക്ഷയുണ്ട്.

MR. K. R. ELANKATH : അതു് ഒരു ഉറപ്പാണെങ്കിൽ ഈ പ്രമേയം ഞാൻ പിൻവലിക്കുന്നു.

PRESIDENT : സഭ ഇതു് പിൻവലിക്കുന്നതിനു അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ (൪-സ-൪ വ-ൽ) ൧൧ മണിക്ക് കൂടുന്നതുമായിരിക്കും.

The House adjourned for the day at 4-50 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly